പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ തന്നാണ്ട് 73.64 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം

51 (2107)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി എത്ര അംഗനവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ബ്ലോക്കുകളാണ് ഐ.സി.ഡി.എസ് ബ്ലോക്കുകളായി തിര ഞ്ഞെടുത്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്;

(സി) അംഗൻവാടി വർക്കർമാരെ തിരഞ്ഞെടുക്കുമ്പോൾ പ്രീ-പ്രൈ മറി ടീച്ചേഴ്സ് ട്രെയിനിംഗ് ഉള്ള ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക വെയിറ്റേ ജ്മാർക്ക് കൊടുക്കാത്തത് ഒരു ന്യൂനതയായി ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഡി) ട്രെയിനിംഗ് പാസ്സായവർക്ക് ഇന്റർവ്യൂവിൽ വെയിറ്റേജ്മാർക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 16311 വർക്കർമാരും അത്രയുംതന്നെ ഹെൽപ്പർമാരും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) 120 ബ്ലോക്കുകൾ

(സി)&(ഡി) അംഗൻവാടി വർക്കർമാർ ഓണറി ജീവനക്കാരാണ്. പത്താം ക്ലാസ് പാസ്സായവരും സേവന തൽപ്പരരും പ്രാദേശികവുമായിട്ടുള്ളവ രെയുമാണ് വർക്കറായി നിയമിക്കുന്നത്. ഐ.സി.ഡി.എസ് മാനുവലിൽ പ്രതിപാദിക്കുന്ന പ്രകാരമാണ് നിയമനം നടത്തുന്നത്. അംഗൻവാടി വർക്കർമാരായി നിയമിച്ചതിനുശേഷം അവർക്ക് 3 മാസം നീണ്ടു നിൽക്കുന്ന പ്രത്യേക ട്രെയിനിംഗ് നൽകുന്നതിനാൽ പ്രീ-പ്രൈമറി കഴിഞ്ഞവർക്ക് പ്രത്യേകം മാർക്ക് നൽകുവാൻ നിർവ്വാഹമില്ല.

അംഗനവാടി വർക്കർമാർക്കുള്ള വേതനം

52 (2108)ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം എത്ര രൂപയാണ് വേതനം നൽകി വരുന്നത്;

(ബി) അവരുടെ ജോലിക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടി വർക്കർമാർക്കും ആയമാർക്കും വേതന പരിഷ്ക്ക രണം നടപ്പിലാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അംഗൻവാടി വർക്കർമാർക്ക് താഴെ പറയുന്ന നിരക്കിൽ പ്രതിമാസ വേതനം നൽകിവരുന്നു.

അംഗൻവാടി വർക്കർ	കേന്ദ്രവിഹിതം	സംസ്ഥാനവിഹിതം	ആകെ
1. നോൺമെട്രിക്കുലേറ്റ്	438	200	638
2. നോൺമെട്രിക്കുലേറ്റ് (5 വർഷം സേവനം ഉള്ളവർ)	469	200	669
3. നോൺമെട്രിക്കുലേറ്റ് (10 വർഷം സേവനം ഉള്ളവർ)	500	200	700
4. മെട്രിക്കുലേറ്റ്	500	200	700
5. മെട്രിക്കുലേറ്റ് (5 വർഷം സേവനം)	531	200	731
6. മെട്രിക്കുലേറ്റ് (10 വർഷം സേവനം)	563	200	763

(ബി) ഉണ്ട്.

(സി) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം നിശ്ചയിക്കുന്നതും പരിഷ്ക്കരിക്കുന്നതും കേന്ദ്രസർക്കാരാണ്. ഇവരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് കേന്ദ്ര സർക്കാർ നൽകുന്നതിനു പുറമേ പ്രതിമാസം 200 രൂപ വീതം സംസ്ഥാനവിഹിതമായി അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകുന്നുണ്ട്.

അംഗൻവാടി വർക്കർ ഹെൽപ്പർ നിയമനം

53 (2109)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ് കളിലേക്കുള്ള അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും നിയമിക്കുന്നതിനായുള്ള കമ്മിറ്റിയിലെ അംഗസംഖ്യ വളരെ കൂടുതലാണെന്നത് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) കമ്മിറ്റിയിലെ അംഗസംഖ്യ കുറയ്ക്കാൻ നടപടി കൈക്കൊള്ളാനുദ്ദേശിക്കുന്നുണ്ടോ;

(സി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ പി.എസ്.സി വഴിയോ നടത്തുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ;

(ഡി) ഈ തസ്തികകളിലേക്ക് പി.എസ്.സി വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly